# പത്രക്കുറിപ്പ്

Kerala State Electricity Board-ൽ Divisional Accountant (NCA-SC) (Cat No. 19/2015) തസ്തികയുടെ ഇന്റർവ്യൂ 08.07.2020 തീയതിയിൽ പി.എസ്.സി.യുടെ ആസ്ഥാന ആഫീസിൽവച്ച് നടത്തുന്നു. കോവിഡ് - 19 രോഗവ്യാപന ഭീതി നിലനിൽക്കുന്നതിനാൽ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ ആഫീസ്

പരിസരത്ത് പ്രവേശിക്കാൻ പാടുള്ളൂ. ഗൾഫ് / അന്യസംസ്ഥാനത്ത് നിന്നും വന്നിട്ടുള്ളവർ, ക്വാറന്റൈൻ കാലാവധിയുൾപ്പെടെ മറ്റ് രോഗബാധയുള്ളവർക്കും അത്തരം അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂ തീയതി മാറ്റി നൽകും . കൂടാതെ ഹോട്ട് സ്പോട്ട് , കണ്ടെൻമെൻറ് സോൺ, എന്നിവിടങ്ങളിലെ ഉദ്യോഗാർത്ഥികൾക്കും ഇന്റർവ്യൂ തീയതി അവരവരുടെ അപേക്ഷാ പ്രകാരം മാറ്റി നൽകുന്നതാണ് . തീയതി മാറ്റി നൽകുന്നതിന് തെളിവ് സഹിതമുള്ള അപേക്ഷ ഇന്റർവ്യൂ തീയതിക്കു മുമ്പായി ഈ ആഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ഇന്റർവ്യൂവിന് ഹാജരാകുന്ന ഉദ്യോഗാർത്ഥികൾ പി.എസ്.സി.യുടെ വെബ്സൈറ്റിൽ നിന്നും കോവിഡ്-19 ചോദ്യാവലി download ചെയ്ത് പൂരിപ്പിച്ച് upload ചെയ്യേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്കുള്ള ഇന്റർവ്യൂ മെമ്മോ അവരവരുടെ പ്രൊഫൈലിൽ ലഭ്യമാണ്. ഈ മാസം 6-ാം തീയതിയ്ക്കകം ഇന്റർവ്യൂ മെമ്മോ ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ 0471-2546242 എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.